പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5295 23/05/2017 ൽ മറുപടിക്ക്

**അനധികൃത മണലെടുപ്പ് തടയാൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| **എ)** | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർകോട് ജില്ലയിൽ എത്ര മണൽ ലോറികൾ പിടികൂടിയിട്ടുണ്ട്; | **എ)** | കാസർകോട് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മണൽ ലോറികൾ പിടികൂടിയിട്ടില്ല. |
| **ബി)** | അനധികൃത മണലെടുപ്പ് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | **ബി)** | കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് 2001 പ്രകാരം ഒരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന കടവിലെ അല്ലെങ്കിൽ നദീതീരത്തിലെ മണൽവാരൽ നിയന്ത്രിക്കുന്നത് ജില്ലാകളക്ടർ രൂപീകരിക്കുന്ന കടവുകമ്മിറ്റികളാണ്. ടി കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നു. |
| **സി)** | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മണൽകൊണ്ട് വരുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഇതിനായി ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | **സി)** | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മണൽ കൊണ്ടുവരുന്നതിന് അനുമതി നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| **ഡി)** | കാസർകോട് ജില്ലയിലെ മണൽ ക്ഷാമം പരിഹരിക്കുന്നതിന് പുഴകളിൽ നിന്നും 'ഇ-മണൽ' സംവിധാനം വഴി മണൽ വാരുന്നതിന് അനുമതി നൽകുമോ? | **ഡി)** | ഈ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ